പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1279 — 12.07.2011-ൽ മറുപടിക്ക്

## ഇടുക്കി ജില്ലയിലെ ജനമൈത്രി പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ ജനമൈത്രി പോലീസുകാരിൽ എത്ര പേരെ സ്ഥലം മാറ്റി ; | : (എ) 9 പേരെ സ്ഥലംമാറ്റി |
| (ബി) അതിൽ വനിതകൾ എത്ര ; | : (ബി) ഒന്ന്. |
| (സി) പോലീസ് അസ്സോസിയേഷൻ ജില്ലാ ഭാരവാഹികളെ സ്ഥലം മാറ്റിയിട്ടുണ്ടോ ; എത്ര ഭാരവാഹികളെയാണ് സ്ഥലം മാറ്റിയിട്ടുള്ളതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ; | : (സി) ഉണ്ട്. പത്തുപേർ. പോലീസ് സേനയുടെ ഭരണപരമായ സൗകര്യവും ഒരു സ്ഥലത്ത് വർഷങ്ങളായി ജോലി ചെയ്യുന്നു എന്നിവയുമാണ് കാരണങ്ങൾ. |
| (ഡി) ഇടുക്കി ജില്ലാ പോലീസ് സൊസൈറ്റിയിലെ എത്ര ഡയറക്ടർ ബോർഡ് അംഗങ്ങളെ സ്ഥലംമാറ്റിയെന്നും എത്ര ദൂരത്തേയ്ക്കാണ് സ്ഥലം മാറ്റമെന്നും അറിയിക്കുമോ ; | : (ഡി) 3 പേർ. ഏകദേശം 106, 125, 130 കിലോമീറ്റർ ദൂരത്തേയ്ക്ക്. |
| (ഇ) ജില്ലയിലെ പോലീസുകാരുടെ സ്ഥലംമാറ്റത്തിന്റെ മാനദണ്ഡം എന്താണ് ; ഇത് സംബന്ധിച്ച വിശദവിവരത്തോടൊപ്പം സ്ഥലംമാറ്റത്തിന് കണക്കാക്കുന്ന കാലപരിധി, ദൂരപരിധി എന്നിവ സംബന്ധിച്ചും വ്യക്തമാക്കാമോ ; | : (ഇ) നിലവിൽ ഒരു പോലീസ് സ്റ്റേഷനിൽ 3 വർഷം ജോലി ചെയ്ത ഓരോ പോലീസ് ഉദ്യോഗസ്ഥനിൽ നിന്നും അവർക്ക് സ്ഥലം മാറ്റപ്പെട്ടാൽ ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന മുൻഗണനാ ക്രമത്തിൽ 3 |

(മറുപുറം)

പോലീസ് സ്റ്റേഷനുകളുടെ പേരുകൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ഓപ്ഷനുകൾ സ്വീകരിക്കുകയും അവ പരിശോധിച്ച് സാധ്യമാകുന്ന വിധത്തിൽ അവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് മാറ്റം നൽകുകയും ചെയ്യുന്നു. പോലീസ് സേനയുടെ ഭരണപരമായ സൗകര്യം, സുഗമവും കാര്യക്ഷമവുമായ നടത്തിപ്പ്, അച്ചടക്കം ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത ഈ വക കാരണങ്ങളാൽ പോലീസ് സേനാംഗങ്ങളുടെ സ്ഥലം മാറ്റത്തിന് കാലപരിധിയോ ദൂരപരിധിയോ കൃത്യമായി പാലിക്കുവാൻ കഴിയില്ല.

(എഫ്) 3 വർഷം ഒരു സ്റ്റേഷനിൽ സർവ്വീസ് തികയാത്ത എത്ര പേരെ മാറ്റിയെന്നും എന്തുകൊണ്ട് സ്ഥലംമാറ്റിയെന്നും വ്യക്തമാക്കുമോ ?

: (എഫ്) പോലീസ് സേനയുടെ ഭരണപരമായ സൗകര്യം, കാര്യക്ഷമവും സുഗമവുമായ നടത്തിപ്പ്, അച്ചടക്കം എന്നീ കാരണങ്ങൾ കൊണ്ട് ഇത്തരത്തിലുള്ള 81 പേരെ സ്ഥലംമാറ്റിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ